For ready reference, the Rules are made available under the 'Investors' section on the website of the Company https://www.finolexpipes.com/investors/compliance-report/

For further clarifications or assistance you may write to us at:

Mr. Mohd. Mohsinuddin Senior Manager **Karvy Fintech Private Limited** Karvy Selenium Tower B, Plot 31-32, Gachibowli Financial District, Nanakramguda, Serilingampally Mandal, Hyderabad - 500 032, India. Email Id: mohsin.mohd@karvy.com Tel. No.: 040 - 6716 1562	**Mr. Devang B. Trivedi** Company Secretary **Finolex Industries Limited** D 1/10, MIDC Chinchwad, Pune - 411 019, Maharashtra, India. Email ID: investors@finolexind.com Tel. No.: 020 - 2740 8200/8572

For Finolex Industries Limited
Sd/-
Devang Trivedi
General Manager (Legal) & Company Secretary

Place : Pune
Date : 17th July, 2019

HBL POWER SYSTEMS LIMITED

CIN:L40109TG1986PLC006745
Regd. Off: 8-2-601, Road No.10, Banjara Hills, Hyderabad – 500 034

NOTICE

Notice is hereby given that pursuant to Regulation 29 and 30 of Securities and Exchange Board of India (Listing Obligations and Disclosure Requirements) Regulations, 2015, it is hereby informed that a meeting of the Board of Directors of the Company will be held on Tuesday, August 13, 2019 inter-alia to consider and to take on record:

I. Audited (consolidated) financial statements of the Company for the financial year ended on March 31, 2019
ii. Report of the Directors for the year 2018-19 together with notice of the Annual General Meeting of the Company for the year 2019
iii. Unaudited (standalone / consolidated) financial results quarter ended on June 30, 2019 pursuant to SEBI (LODR) Regulations, 2015.
iv. Fix dates of book closure and record date for dividend payment (proposed dividend for 2018-19).

For HBL Power Systems Limited
Sd/- MVSS Kumar
Company Secretary

Place : Hyderabad
Date : 17/07/2019

Aster DM Healthcare Limited

CIN: L85110KL2008PLC021703
Aster Medcity, Kuttisahib Road, Near Kothad Bridge, South Chittoor P.O, Cheranalloor
Kochi, Kerala 682027, India
T: 0484 6699228 E: cs@asterdmhealthcare.com
W: www.asterdmhealthcare.com

NOTICE

Notice is hereby given in compliance with the Regulation 47 of the SEBI (Listing Obligations and Disclosure Requirements) Regulations, 2015, that a meeting of the Board of Directors of **Aster DM Healthcare Limited** is scheduled to be held on Wednesday the 7th day of August 2019 *inter-alia* to consider and approve the unaudited financial results of the Company for the quarter ended 30th June 2019. For further details, please visit the website of the company at http://www.asterdmhealthcare.com/investors/.

For Aster DM Healthcare Limited
Sd/-
Puja Aggarwal
Company Secretary and Compliance Officer

Date: 17 July 2019
Place: Kochi

MANGALAM CEMENT LIMITED

Regd. Office: P.O. Adityanagar 326520, Morak, Dist. Kota (Rajasthan)
CIN: L26943RJ1976PLC001705
Website: www.mangalamcement.com • email: shares@mangalamcement.com

PUBLIC NOTICE-LOSS OF SHARE CERTIFICATES

NOTICE is hereby given that following share certificates issued by the Company are stated to be lost / misplaced and the registered holders thereof have applied to the Company for issue of duplicate share certificate(s):

Folio No.	Name of the Shareholder or Beneficiary	Share Certificate No.	Distinctive Numbers From	Distinctive Numbers To	No. of Shares
Z-1410	Sekhar Saha	9950 27233-27234 65632	2696801 3560951 5480901	2696850 3561050 5480950	50 100 50
Z-1636	Manju Bala Jain	45016	4450101	4450150	50
S-193	Satya Narayan Bhakat	10761	2737351	2737400	50

The Company will proceed to issue duplicate certificate(s) in respect of these shares, if no valid objection is received at its registered office at the address given above within 15 days from the date of publication of this notice.

For Mangalam Cement Limited
Sd/-
Manoj Kumar
Company Secretary

Date: 17.07.2019
Place: Morak

GE T&D India Limited

(CIN: L31102DL1957PLC193993)
Regd. Off.: A-18, First Floor, Okhla Industrial Area, Phase II, New Delhi - 110020 **Tel. No.:** 91-11-4161 0660
Website : http://www.ge.com/in/ge-td-india-limited

NOTICE

Pursuant to Regulation 47 of SEBI (Listing Obligations and Disclosure Requirements) Regulations, 2015, notice is hereby given that a meeting of the Board of Directors of the Company is scheduled to be held on Wednesday, July 24, 2019, to consider and approve, inter-alia, the unaudited financial results for the first quarter ended on June 30, 2019, subject to Limited Review by the Auditors. The Notice is available on the website of the Company, i.e. http://www.ge.com/in/ge-td-india-limited and that of the stock exchanges, i.e. www.nseindia.com, www.bseindia.com.

For GE T&D India Limited
Manoj Prasad Singh
Company Secretary

July 17, 2019
Noida

Dhanuka Agritech Limited

CIN:L24219DL1985PLC020126
Regd. Office: 82, Abhinash Mansion, 1st Floor, Joshi Road, Karol Bagh, New Delhi–110005 (India), **Ph.:** 011-2353 455-52
Corporate Office: 14th Floor, Building 5A, Cyber City, DLF Phase-III, Gurugram-122 002, Ph.: 0124-3838500, **E-mail:** investors@dhanuka.com, **Website:** www.dhanuka.com

Notice of 34th Annual General Meeting, Remote E-Voting and Book Closure

Notice is hereby given that the 34th Annual General Meeting (AGM) of the Members of the Company will be held on Monday, the 12th day of August, 2019 at 10:30 A.M. at "D Imperia Hotel, 417, M.G. Raod, Ghitorni, New Delhi-110 030. The Company has completed dispatch of Annual Report 2018-19 (comprising inter alia of Notice of 34th AGM along with Explanatory Statement along with the Audited Standalone and Consolidated Financial Statements, Report of Board of Directors and the Statutory Auditors' for the Financial Year ended 31st March, 2019 via physical as well as electronic mode on 15th day of July, 2019. Annual Report 2018-19 is available on website (**www.dhanuka.com**) of the Company. Annual Report 2018-19 inter alia containing Notice of 34th AGM is also available on the website of Central Depositories Services (India) Ltd. (CDSL) (**www.cdslindia.com**).

Pursuant to Section 108 of the Companies Act, 2013 and the Rules framed thereunder, the Members of the Company holding Shares either in physical or dematerialized form, are provided with the facility to cast their vote electronically through Remote e-voting services provided by CDSL and through Ballot Papers at the venue of AGM on all resolutions set forth in the Notice of the 34th AGM of the Company. Remote e-voting period will commence at 9:00 a.m. on Thursday, 8th day of August, 2019 and will end at 5:00 p.m. on Sunday, 11th day of August, 2019, after which e-voting shall not be allowed. The Remote e-voting facility shall be disabled by CDSL for voting thereafter. Once the vote on resolution is cast by the member by Remote e-voting, he shall not be allowed to change it subsequently. The Members who have already casted their vote through Remote e-voting may attend the AGM but shall not be entitled to cast their vote at the AGM.

The Voting Rights of the Shareholders (for voting through Remote e-voting or by poll paper at the Meeting) shall be in proportion to their share in the Paid up Equity Share Capital of the Company as on Monday, the 5th day of August, 2019 ("Cut-off Date"). A person whose name is recorded in the Register of Members or in the Register of Beneficial Owners maintained by the Depositories as on cut-off date only shall be entitled to avail the facility of Remote e-voting as well as voting at the AGM.

The Company has appointed M/s. R&D Company Secretaries, to act as Scrutinizers for the Remote e-voting process and poll, if any, at the AGM in fair and transparent manner.

The results of voting will be declared within 48 hours from the conclusion of the AGM and same along with the Scrutinizers' Report will be published on the website of the Company (**www.dhanuka.com**) and the website of the CDSL (**www.cdslindia.co.in**) immediately after the declaration of result by the Chairman and the same will also be communicated to BSE Ltd. and the National Stock Exchange of India Limited.

Notice is further given that pursuant to Section 91 of the Companies Act, 2013, read with Rule 10 of the Companies (Management and Administration) Rules, 2014 Register of the Members and Share Transfer Books of the Company will remain closed from Thursday, 1st day of August, 2019 to Monday, 12th day of August, 2019 (both days inclusive), for the purpose of 34th AGM and payment of Final Dividend, if any, declared at the AGM.

Detailed Information is available on the website of the Company at www.dhanuka.com and also on the Website of the Stock Exchanges viz. **www.bseindia.com** and **www.nseindia.com**.

For Dhanuka Agritech Limited
Sd/-
Jyoti Verma
Company Secretary/ Compliance Officer
FCS-7210

Place : Gurugram
Dated : 17.07.2019

● യൂണിവേഴ്സിറ്റി കോളജ് വിവാദം

മുന്നണിയിൽ ചർച്ചയാക്കാതെ മുഖ്യൻ; ഘടകകക്ഷികൾക്ക് അതൃപ്തി

● സ്വന്തം ലേഖകൻ
തിരുവനന്തപുരം

സർക്കാരിനെയും സി.പി.എമ്മിനെയും പ്രതിക്കൂട്ടിലാക്കിയ യൂണിവേഴ്സിറ്റി കോളജ് സംഭവം എൽ.ഡി.എഫ്. യോഗം ചർച്ചചെയ്തില്ല. അന്വേഷണം പൂർത്തിയായിട്ടു മതി ചർച്ചയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിലപാടെടുത്തു. ഇതിലുള്ള അതൃപ്തി പരസ്യമാക്കാനാകാതെ പാർട്ടി സെക്രട്ടറി കോടിയേരി ബാലകൃഷ്ണനോടു പറഞ്ഞ് ഘടകകക്ഷികൾ. ഇന്നലെ മുന്നണിയോഗത്തിൽ പ്രധാന ചർച്ചയായത് കേന്ദ്രബജറ്റ്.

കേരളത്തിന്റെ വികസനത്തെ പിറകോട്ടടിക്കുന്ന ബജറ്റാണിതെന്നു യോഗം വിലയിരുത്തി. പെട്രോളിയം വിലവർധന ഏറ്റവും ബാധിക്കുന്നത് കേരളത്തെയാണ്. കാർഷിക, ഗ്രാമീണ മേഖലകൾക്കുള്ള പരിഗണന കുറഞ്ഞു. തൊഴിലുറപ്പ്, ഐ.സി.ഡിഎസ് പദ്ധതികൾക്കുള്ള നീക്കിയിരിപ്പും കുറഞ്ഞു. കേന്ദ്ര നികുതിവരവിന് ആനുപാതികമായ വിഹിതം സംസ്ഥാനങ്ങൾക്കു നീക്കിവയ്ക്കുന്നില്ലെന്നും യോഗം വിലയിരുത്തി. ഇതിനെതിരേ ഓഗസ്റ്റ് ആറിന് രാജ്ഭവനിലേക്കും ജില്ലാ കേന്ദ്രങ്ങളിൽ കേന്ദ്രസർക്കാർ ഓഫീസുകളിലേക്കും ബഹുജനമാർച്ച് നടത്താനും തീരുമാനമായി.

നെടുങ്കണ്ടം കസ്റ്റഡിക്കൊലക്കേസിൽ ഇടതുമുന്നണിയുടെ നിലപാട് മുഖ്യമന്ത്രി വ്യക്തമാക്കി. യൂണിവേഴ്സിറ്റി കോളജ് വിഷയത്തിൽ ശരിയായ നിലപാടു സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. തിരുത്താൻ എസ്.എഫ്ഐയും തയാറായിട്ടുണ്ട്. വാർത്തകൾ പലതും ശരിയല്ല. സത്യമായ കാര്യങ്ങളിലേ സർക്കാരിനു നടപടിയെടുക്കാനാവൂ എന്നും മുഖ്യമന്ത്രി പറഞ്ഞു. തുടർന്നു നടന്ന പത്രസമ്മേളനത്തിൽ എൽ.ഡി.എഫ് കൺവീനറും ഈ നിലപാടുകൾ ആവർത്തിച്ചു.

ആറു നിയമസഭാ ഉപതെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട ഒരുക്കങ്ങളും യോഗം ചർച്ചചെയ്തു.

■ മുദ്രാവാക്യം വിളിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിനു താഴെ എത്തിയ കെ.എസ്.യു സംസ്ഥാന സെക്രട്ടറി അഡ്വ. ശിൽപയെ സുരക്ഷാ ഉദ്യോഗസ്ഥർ തടയുന്നു.

ശിവരഞ്ജിത്തും നസീമും പോലീസ് കസ്റ്റഡിയിൽ

● സി.ഐയെ കോടതി വിളിച്ചുവരുത്തി

● സ്വന്തം ലേഖകൻ
തിരുവനന്തപുരം

യൂണിവേഴ്സിറ്റി കോളജ് വിദ്യാർഥി അഖിൽ ചന്ദ്രനെ വധിക്കാൻശ്രമിച്ച കേസിൽ ഒന്നും രണ്ടും പ്രതികളായ എസ്.എഫ്.ഐ കോളജ് യൂണിറ്റ് മുൻ പ്രസിഡന്റ് ശിവരഞ്ജിത്തിനെയും മുൻസെക്രട്ടറി നസീമിനെയും മൂന്നു ദിവസത്തേക്കു പോലീസ് കസ്റ്റഡിയിൽ വിട്ടു. വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒരുമണിക്കകം രണ്ടുപ്രതികളെയും തിരികെ ഹാജരാക്കാൻ നിർദേശിച്ചാണ് തിരുവനന്തപുരം മൂന്നാം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ട് കോടതി ഉത്തരവ്.

കസ്റ്റഡി അപേക്ഷ പരിഗണിച്ച വേളയിൽ അന്വേഷണഉദ്യോഗസ്ഥനായ കന്റോൺമെന്റ് സർക്കിൾ ഇൻസ്പെക്ടർ അനിൽകുമാർ ഹാജരാകാത്തതിനെ കോടതി വിമർശിച്ചു. സി.ഐ. സെക്രട്ടേറിയറ്റ് സമരവുമായി ബന്ധപ്പെട്ട ഡ്യൂട്ടിയിലാണെന്നും വൈകുമെന്നും അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ബോധിപ്പിച്ച് കോടതിയെ ചൊടിപ്പിച്ചു. പ്രതികളെ ഇറക്കിനിർത്തിയ കോടതി കേസ് പിന്നീട് വിളിക്കുമ്പോൾ സി.ഐ. ഹാജരാകണമെന്ന് ആവശ്യപ്പെട്ടു. കേസ് അടുത്ത ദിവസത്തേക്ക് മാറ്റിവയ്ക്കണമെന്ന പ്രതിഭാഗം അഭിഭാഷകന്റെ ആവശ്യം കോടതി തള്ളി. പിന്നീടീ കേസ് വിളിച്ചപ്പോൾ സി.ഐ. ഹാജരായി.

കൃത്യത്തിനുപയോഗിച്ച കത്തി വീണ്ടെടുക്കുക, ശിവരഞ്ജിത്തിന്റെ വീട്ടിൽനിന്നു ലഭിച്ച സർവകലാശാല ഉത്തരക്കടലാസ്, ഫിസിക്കൽ എഡ്യൂക്കേഷൻ മേധാവിയുടെ ഔദ്യോഗിക മുദ്ര എന്നിവയുടെ ഉറവിടം, അവ എന്തിനൊക്കെ ഉപയോഗിച്ചു , സീൽ നിർമിച്ചത് ഏതെങ്കിലും സ്ഥാപനത്തിൽ വച്ചാണെങ്കിൽ നിർമിച്ചയാളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യൽ, സാക്ഷികളെ കാണിച്ച് തിരിച്ചറിയൽ എന്നിവയ്ക്കായി അഞ്ചുദിവസം കസ്റ്റഡിയിൽ ലഭിക്കണമെന്നാണ് പ്രോസിക്യൂട്ടർ വാദിച്ചു. ഹർജിയെ പ്രതിഭാഗം ശക്തമായി എതിർത്തു. വധശ്രമത്തിന് മാത്രമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും സീലിന്റെ വ്യാജ നിർമാണത്തിലോ ഉത്തരക്കടലാസ് സംബന്ധിച്ചോ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടില്ലെന്നും പ്രതികളെ തെളിവെടുപ്പിനായി കോളജിൽ കൊണ്ടുപോയാൽ വിദ്യാർഥികളിൽനിന്നും പ്രതികളുടെ ജീവന് ഭീഷണിയുണ്ടെന്നും അതിനാൽ രണ്ടു ദിവസം മാത്രമേ കസ്റ്റഡി ആവശ്യമുള്ളുവെന്നും വാദിച്ചു.

എന്നാൽ അതൊക്കെ പോലീസ് നോക്കിക്കൊള്ളുമെന്നും കോടതി വ്യക്തമാക്കിക്കൊണ്ടാണ് മൂന്നു ദിവസത്തെ പോലീസ് കസ്റ്റഡിയിൽ പ്രതികളെ വിട്ടു കൊടുത്തത്. യാതൊരു കൂസലുമില്ലാതെയാണ് പ്രതികൾ കോടിതിയിൽ നിന്ന്.

നസീമിന്റെ അറസ്റ്റിനു പിന്നാലെ ശരത്തിന്റെ സസ്പെൻഷൻ പിൻവലിച്ച് ആഭ്യന്തരവകുപ്പ്

● സുനിൽ ജെ. സണ്ണി
തിരുവനന്തപുരം

യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസിലെ പ്രതി നസീമിനെ മുമ്പ് അറസ്റ്റ് ചെയ്തതിന്റെ പിന്നാലെ സസ്പെൻഷനിലായ പോലീസ് ഉദ്യോഗസ്ഥൻ ശരത്തിനെതിരേയുള്ള നടപടി പിൻവലിച്ച് സർക്കാർ. മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തുന്ന പോസ്റ്റ് സമൂഹമാധ്യമത്തിൽ പങ്കുവച്ചു എന്ന കുറ്റത്തിനാണ് ശരത്തിനെ സസ്പെൻഡ് ചെയ്തത്. എസ്.എഫ്.ഐക്കാരനെ കുത്തിയകേസിൽ പ്രതിയായി നസീം അകത്തായതോടെയാണ് ശരത്തിന്റെ സസ്പെൻഷൻ പിൻവലിക്കാൻ സർക്കാർ തയാറായത്.

നസീമും സംഘവും ട്രാഫിക് പോലീസുകാരനെ മർദിക്കുന്നതു കണ്ടു തടസ്സം നിൽക്കാൻ ചെന്ന ശരത്തിനെ ഇവർ ക്രൂരമായി മർദ്ദിക്കുകയായിരുന്നു. മർദനത്തിൽ പരുക്കേറ്റ ശരത്തിനു നിരവധിദിവസം ആശുപത്രിയിൽ കഴിയേണ്ടി വന്നു. അതിനുശേഷം ഒരു മാസത്തിലധികം തുടർചികിത്സയിലുമായിരുന്നു. പോലീസുകാരനെ ആക്രമിച്ച കേസിലെ പ്രതിയായ നസീമിനെ അറസ്റ്റ് ചെയ്യാത്തതിൽ വൻ പ്രതിഷേധമാണ് അക്കാലത്ത് ഉയർന്നുവന്നത്. മാധ്യമങ്ങളുടെ ഇടപെടലിന് ഒടുവിലാണ് നസീമിനെ പോലീസ് അറസ്റ്റ് ചെയ്തത്.

നസീമിനെതിരേ ശരത് നൽകിയ കേസ് പിൻവലിക്കുന്നതിന് വേണ്ടി നിരവധി സമ്മർദ്ദതന്ത്രങ്ങളാണ് സി.പി.എം. പ്രയോഗിച്ചത്. യൂണിവേഴ്സിറ്റി കോളജിലെ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ നസീമിന്റെയും സംഘത്തിന്റെയും ക്രിമിനൽ പശ്ചാത്തലം ചർച്ചയായപ്പോൾ ശരത്തിനെ ബലിയാടാക്കിയതും ചർച്ചയായിരുന്നു. ഇതോടെ ആഭ്യന്തര വകുപ്പിന്റെ മുഖം സംരക്ഷിക്കുന്നതിനു വേണ്ടിക്കൂടിയാണ് ശരത്തിന്റെ സസ്പെൻഷൻ പിൻവലിച്ചത്. നടപടിക്കിടയാക്കിയ പോസ്റ്റ് ശരത്തിന്റെ പേരിൽ വ്യാജ അക്കൗണ്ട് ഉണ്ടാക്കി സൃഷ്ടിച്ചതാണെന്ന ആരോപണം ഉയർന്നിരുന്നു. നസിമാണ് ശരത്തിന്റെ വ്യാജ അക്കൗണ്ട് നിർമ്മിച്ചതെന്നും ആക്ഷേപം ഉയർന്നിരുന്നു.

● മന്ത്രിസഭായോഗത്തിനിടെ സുരക്ഷാവീഴ്ച

കെ.എസ്.യു. വനിതാ പ്രവർത്തകർ സെക്രട്ടേറിയറ്റിൽ ഇരച്ചുകയറി

● സ്വന്തം ലേഖകൻ
തിരുവനന്തപുരം

മന്ത്രിസഭായോഗത്തിനിടെ സെക്രട്ടേറിയറ്റിൽ വൻ സുരക്ഷാവീഴ്ച. കെ.എസ്.യു. വനിതാപ്രവർത്തകർ പോലീസ് സുരക്ഷാവലയം ഭേദിച്ച് സെക്രട്ടേറിയറ്റിനുള്ളിലേക്ക് ഇരച്ചുകയറി. രഹസ്യാന്വേഷണ വിഭാഗത്തിന്റെ മുന്നറിയിപ്പുണ്ടായിട്ടും തടയാൻ പോലീസിനായില്ല.

മന്ത്രിസഭായോഗം നടക്കുമ്പോഴുണ്ടായ ഈ ഗുരുതരവീഴ്ച പോലീസ് ഉന്നതരെയടക്കം ഞെട്ടിച്ചു. മൂന്നു വനിതാ പ്രവർത്തകരാണു പോലീസ് വലയം ഭേദിച്ച് സെക്രട്ടേറിയറ്റിനകത്തു കടന്ന് മുദ്രാവാക്യം വിളിച്ചത്. ഇതിലൊരാളായ കെ.എസ്.യു സംസ്ഥാന സെക്രട്ടറി അഡ്വ. ശിൽപ മുഖ്യമന്ത്രിയുടെ ഓഫീസിനു താഴെവരെ എത്തി.

യൂണിവേഴ്സിറ്റി കോളജ് സംഘർഷത്തിലും പരീക്ഷാക്രമക്കേടിലും നടപടി ആവശ്യപ്പെട്ടുള്ള പ്രതിഷേധങ്ങൾക്കിടെയാണു സംഭവം. കെ.എസ്.യു സമരപ്പന്തലിൽ കോൺഗ്രസ് നേതാക്കളായ തിരുവഞ്ചൂർ രാധാകൃഷ്ണനും വി.ഡി സതീശനും അടക്കമുള്ളവരുണ്ടായിരുന്നു. സെക്രട്ടേറിയറ്റിനകത്തു കടന്ന വനിതകളിൽ രണ്ടുപേരെ സുരക്ഷാ ജീവനക്കാരും പോലീസും ചേർന്നു പിടികൂടി.

അഡ്വ. ശിൽപ്പ നോർത്ത് ബ്ലോക്കിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ ഓഫീസിന് താഴെ എത്തിയെങ്കിലും വനിതാ പോലീസ് ഇല്ലാത്തതിനാൽ തടയാൻ ആദ്യം മടിച്ചു.

ഗ്രില്ലുകൾ പൂട്ടിയതോടെ ശിൽപ്പ പുറത്തുനിന്നു മുദ്രാവാക്യം മുഴക്കി. തുടർന്നു കന്റോൺമെന്റ് സ്റ്റേഷനിൽനിന്നു വനിതാ പോലീസുകാരെത്തിയാണ് പെൺകുട്ടിയെ നീക്കിയത്. ശിൽപ്പയെയും സഹപ്രവർത്തകരെയും ഒടുവിൽ അറസ്റ്റ് ചെയ്തു നീക്കി.

കുത്തേറ്റ അഖിലിനെ ഉൾപ്പെടുത്തി യൂണിവേഴ്സിറ്റി കോളജിൽ എസ്.എഫ്.ഐക്ക് പുതിയ കമ്മിറ്റി

തിരുവനന്തപുരം: കുത്തേറ്റ അഖിലിനെ ഉൾപ്പെടുത്തി യൂണിവേഴ്സിറ്റി കോളജിൽ എസ്.എഫ്.ഐ. അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചു. 25 അംഗ കമ്മിറ്റിയുടെ കൺവീനർ കേരള സർവകലാശാല യൂണിയൻ ചെയർമാനും എസ്.എഫ്.ഐ. സംസ്ഥാന കമ്മിറ്റംഗവും രണ്ടാം വർഷ എം.എ വിദ്യാർഥിയുമായ എ.ആർ. റിയാസാണ്.

എസ്.എഫ്.ഐ. ജില്ലാ കമ്മിറ്റിയംഗവും മൂന്നാം വർഷ ബിരുദ വിദ്യാർഥിയുമായ വീണയാണ് ജോയിന്റ് കൺവീനർ. അതിനിടെ, ക്യാമ്പസിൽ സ്ഥാപിച്ചിരുന്ന എസ്.എഫ്.ഐയുടെ കൊടികളും ബാനറുകളും കോളജ് അധികൃതർ നീക്കം ചെയ്തു.

കഴിഞ്ഞ 12 നുണ്ടായ അക്രമസംഭവങ്ങളെത്തുടർന്ന് കോളജിലെ എസ്.എഫ്.ഐ. യൂണിറ്റ് കമ്മിറ്റി പിരിച്ചുവിട്ടിരുന്നു. അതിനുശേഷം ഇന്നലെയാണു പുതിയ അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചത്. കോളജിലുണ്ടായിരുന്ന എസ്.എഫ്.ഐയുടെ കൊടികളും ബാനറുകളും വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദേശപ്രകാരമാണ് അധികൃതർ നീക്കിയത്. കോളേജിലെ തിരുത്തൽ നടപടികളുടെ ഭാഗമാണിതെന്നാണ് വിശദീകരണം.

എ.ആർ. റിയാസ്, വീണ, ശിൽപ, ജോബിൻ, ചന്തു, അഞ്ചു, നിരഞ്ജൻ, ജിനു, അഖിൽ, കൃഷ്ണപ്രിയ, അരുൺ, ഉമർ, അജയ് , വിഷ്ണു, ഉമൈർ, രാകേന്ത്, ജിജോ, അഭിജിത്ത്, ആര്യ, അനന്തു ഷാജി, ദിൽന, അമൽ, നിതിൻ, മിത മധു, റോഷൻ എന്നിവരാണു പുതിയ അഡ്ഹോക് കമ്മിറ്റി അംഗങ്ങൾ.

ഉത്തരക്കടലാസുകളുടെ ഉത്തരവാദിത്വം കൈപ്പറ്റുന്ന സെന്ററുകൾക്ക്: കേരള സർവകലാശാല

തിരുവനന്തപുരം: പരീക്ഷ എഴുതാനായി നൽകുന്ന ഉത്തരക്കടലാസുകളുടെ ഉത്തരവാദിത്വം അതു കൈപ്പറ്റുന്ന സെന്ററുകൾക്കുമാത്രമാണെന്ന് കേരള സർവകലാശാല. ഇതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നു പരിശോധിച്ചു വരുകയാണെന്നും സർവകലാശാലയെ അപകീർത്തിപ്പെടുത്താനുള്ള ശ്രമങ്ങളിൽനിന്നും പിന്തിരിയണമെന്നും സർവകലാശാല ആവശ്യപ്പെട്ടു.

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു ഗവൺമെന്റ് കോളജ് മാത്രമാണ് യൂണിവേഴ്സിറ്റി കോളജ്. കോളജിലുണ്ടായ നിർഭാഗ്യകരമായ സംഭവത്തിന്റെ പേരിൽ കേരള സർവകലാശാലയുടെ പ്രവർത്തനം തടസപ്പെടുത്തുന്ന നടപടികളിൽനിന്ന് ബന്ധപ്പെട്ടവർ പിന്തിരിയണം. ഉന്നയിക്കപ്പെടുന്ന സംഭവങ്ങളുമായി സർവകലാശാലയ്ക്ക് നേരിട്ട് യാതൊരു ബന്ധവുമില്ല. പരീക്ഷാ സെന്ററുകളിൽ സൂക്ഷിച്ചിരുന്ന പേപ്പറുകളുടെ ഉത്തരവാദിത്വം ബന്ധപ്പെട്ട സെന്ററിന് മാത്രമാണ്.

അതിൽ സെന്ററിന്റെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുവാനുള്ള നിർദേശം സർവകലാശാല നൽകിയിട്ടുണ്ട്. വസ്തുതകൾ ഇതായിരിക്കെ വൈസ് ചാൻസലറിനെയും സർവകലാശാലയെയും അപകീർത്തിപ്പെടുത്തുന്ന ശ്രമങ്ങളിൽനിന്ന് ബന്ധപ്പെട്ടവർ വിട്ടുനിൽക്കണമെന്നും സർവകലാശാല അഭ്യർത്ഥിച്ചു.

കുത്തിയത് നേതാക്കളുടെ ധാർഷ്ട്യം വകവയ്ക്കാത്തതിനാൽ: അഖിൽ

തിരുവനന്തപുരം: തന്നെ കുത്തിയത് എസ്.എഫ്.ഐ യൂണിയൻ നേതാക്കളുടെ ധിക്കാരം അംഗീകരിക്കാത്തതുമൂലമെന്ന് അഖിലിന്റെ മൊഴി. കുത്തേറ്റ് ആശുപത്രിയിൽ കഴിയുന്ന യൂണിവേഴ്സിറ്റി കോളജ് വിദ്യാർഥി അഖിലിന്റെ മൊഴി ആരോഗ്യനില തൃപ്തികരമായതിനെ തുടർന്ന് ഇന്നലെയാണ് പോലീസ് രേഖപ്പെടുത്തിയത്.

യൂണിവേഴ്സിറ്റി കോളജിനകത്തുവച്ച് കുത്തിയത് ശിവരഞ്ജിത്ത് ആണ്. നസീം പിടിച്ചുവച്ചു. ശിവരഞ്ജിത്ത് കുത്തി. ക്യാമ്പസിലിരുന്ന് പാട്ട് പാടിയതാണ് പെട്ടെന്നുണ്ടായ പ്രകോപനമെന്നും അഖിൽ പറഞ്ഞു. മുൻപ് ഡോക്ടറോട് പറഞ്ഞ അതേ കാര്യങ്ങൾ തന്നെയാണ് അഖിൽ പോലീസിനോടും പറഞ്ഞിട്ടുള്ളത്. വധശ്രമത്തിനിടെ പരുക്കേറ്റ് ചികിത്സയിൽ കഴിയുന്ന അഖിൽ എല്ലാ കാര്യങ്ങളിലും വളരെ വ്യക്തമായ മൊഴിയാണ് നൽകിയിട്ടുള്ളതെന്നും ഇതനുസരിച്ച് കേസിൽ തുടർനടപടികൾ ഉണ്ടാകുമെന്നും പോലീസ് അറിയിച്ചു.

വൈദ്യുതിമന്ത്രി X റവന്യൂ മന്ത്രി; സർക്കാരിൽ ആഭ്യന്തരകലഹം

● എം.എസ്. സന്ദീപ്
തിരുവനന്തപുരം

ശബരിമല, തെരഞ്ഞെടുപ്പു തോൽവി, കസ്റ്റഡിമരണം, യൂണിവേഴ്സിറ്റി കോളജ് പ്രശ്നങ്ങളിൽപ്പെട്ട സർക്കാരിനു പ്രശ്നങ്ങൾ സൃഷ്ടിച്ച് ആഭ്യന്തരകലഹം. മൂന്നാറിലെ കൈയേറ്റവുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പുമായുള്ള ഭിന്നത റവന്യൂ മന്ത്രിയുടെ വാക്കുകളിലൂടെ പുറത്തുവന്നു.

മൂന്നാറിലെ കൈയേറ്റഭൂമിയിലെ കെട്ടിടങ്ങൾക്ക് വൈദ്യുതി, കുടിവെള്ളം കണക്ഷനുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഇന്നലെ രൂക്ഷവിമർശനം ഉന്നയിച്ചിരുന്നു. കൈയേറ്റഭൂമിയിലെ നിർമ്മാണങ്ങളെ സർക്കാർ വൈദ്യുതിയും വെള്ളവും നൽകി പ്രോത്സാഹിപ്പിക്കുകയാണെന്നായിരുന്നു ഹൈക്കോടതി പരാമർശം. ഇതേക്കുറിച്ച് മാധ്യമപ്രവർത്തകർ ചോദിച്ചപ്പോൾ അതു വൈദ്യുതി വകുപ്പിനോടു ചോദിക്കണമെന്നായിരുന്നു റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരന്റെ മറുപടി.

മൂന്നാറിലെ കൈയേറ്റവുമായി ബന്ധപ്പെട്ട് സി.പി.എം – സി.പി.ഐ. തർക്കം പുതിയതല്ല. സി.പി.ഐയുടെ നിലപാടുകളെ വൈദ്യുതിമന്ത്രി എം.എം. മണി പല തവണ കടുത്ത ഭാഷയിൽ വിമർശിച്ചിരുന്നു. മുൻ ദേവികുളം സബ്കലക്ടറായിരുന്ന ശ്രീറാം വെങ്കിട്ടരാമന്റെ നിലപാടുകളെ സി.പി.എം. എതിർത്ത ഘട്ടത്തിൽ സി.പി.ഐയുടെ പിന്തുണ സബ് കലക്ടർക്കായിരുന്നു. ഇത് ഇടതു മുന്നണിയിൽ ഏറ്റുമുട്ടലിനു വഴിയൊരുക്കി. പിന്നീട് ശ്രീറാമിനെ സ്ഥലംമാറ്റിയെങ്കിലും കൈയേറ്റമൊഴിപ്പിക്കൽ സംബന്ധിച്ച് പാർട്ടികൾ തമ്മിലുള്ള ഭിന്നത തുടർന്നു.

ഇതിനിടെയാണ് കൈയേറ്റഭൂമിയിലെ ചില കെട്ടിടങ്ങൾക്കു വൈദ്യുതി കണക്ഷൻ നൽകാൻ വൈദ്യുതി വകുപ്പ് തീരുമാനിച്ചത്. മൂന്നാറിൽ നിർമാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാണ്. ഇടുക്കി ജില്ലയിലെ എട്ടു വില്ലേജുകളിൽ വൈദ്യുതി കണക്ഷൻ അനുവദിക്കാനും റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന് 2017 നവംബറിൽ ദേവികുളം സബ് കലക്ടർ കെ.എസ്.ഇ.ബിക്കു കത്ത് നൽകിയിരുന്നു. വൈദ്യുതി കണക്ഷൻ നൽകുന്നത് അനധികൃതകെട്ടിടങ്ങൾക്ക് അംഗീകാരം നൽകുന്നതിനു തുല്യമാണെന്നു ചൂണ്ടിക്കാട്ടിയായിരുന്നു ഇത്. എന്നാൽ ഈ നിർദേശം വൈദ്യുതി വകുപ്പ് ഗൗനിച്ചില്ല.

വൈദ്യുതി നൽകുന്നതിന് റവന്യൂ വകുപ്പിന്റെ അനുമതി നിർബന്ധമല്ലെന്ന 2010–ലെ കോടതിവിധി ചൂണ്ടിക്കാട്ടിയായിരുന്നു ഇടുക്കി ജില്ലക്കാരൻ കൂടിയായ മന്ത്രി മണി നടപടിയിലേക്കു കടന്നത്. ഇതിനെതിരായായിരുന്നു റവന്യൂവകുപ്പിന്റെ കത്ത്. ഈ തർക്കം തുടരുന്നതിനിടെയാണ് ഇന്നലെ ഹൈക്കോടതിയിൽനിന്നു വിമർശനമുണ്ടായത്. റവ്യൂ വകുപ്പിന്റെ നിലപാട് കൈയേറ്റങ്ങൾക്കെതിരാണെന്നു വ്യക്തമാക്കിയതിലൂടെ വൈദ്യുതി വകുപ്പിനെതിരേ പരോക്ഷമായ വിമർശനം കൂടിയാണു സി.പി.ഐ. പ്രതിനിധിയായ മന്ത്രി ഇ. ചന്ദ്രശേഖരനിൽനിന്ന് ഉണ്ടായത്.

അഡ്വ: വേലപ്പൻനായർ മുഖ്യമന്ത്രിയുടെ സ്പെഷൽ ലെയ്സൺ ഓഫീസർ

തിരുവനന്തപുരം: സർക്കാരിന്റെ സുപ്രധാന കേസുകളുടെ മേൽനോട്ടത്തിനായി മുഖ്യമന്ത്രിയുടെ സ്പെഷൽ ലെയ്സൺ ഓഫീസറായി അഡ്വ.എ. വേലപ്പൻനായരെ നിയമിക്കാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. കേരള ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്ന ഇദ്ദേഹത്തിന്റെ പ്രവർത്തനം എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ടായിരിക്കും. പ്രധാന കേസുകളുടെ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുകയാണു ചുമതല.

പോലീസുകാർക്കെതിരേയുള്ള ശിക്ഷാ നടപടി: 90 ദിവസത്തിനകം തീർപ്പാക്കാൻ നിർദ്ദേശം

തിരുവനന്തപുരം: പോലീസ് ഉദ്യോഗസ്ഥർക്കെതിരായ ശിക്ഷാ നടപടികളിൽ 90 ദിവസത്തിനകം തീർപ്പാക്കാൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ജില്ലാ പോലീസ് മേധാവിമാർക്കും സബ് ഡിവിഷണൽ ഓഫീസർമാർക്കും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നിർദ്ദേശം നൽകി. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്തു നടന്ന ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിലെ തീരുമാന പ്രകാരമാണ് നടപടി. ശിക്ഷാ നടപടികൾ നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ പേരുവിവരം അടങ്ങിയ പട്ടിക ജില്ലാ പോലീസ് മേധാവിമാരും യൂണിറ്റ് മേധാവിമാരും തയാറാക്കണം. ക്രൈം കേസുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരേയുള്ള ശിക്ഷാ നടപടികൾ ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ എല്ലാ ദിവസവും വിലയിരുത്തി നടപടി സ്വീകരിക്കണം. അന്വേഷണം പൂർത്തിയാക്കുന്നതിന് 30 ദിവസത്തെ സമയക്രമം തീരുമാനിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

സഭാ തർക്കത്തിനു പിന്നിൽ സ്വത്തു തർക്കവും സ്ഥാനമോഹവും: ഗീവർഗീസ് മാർ യൂലിയോസ്

● ആയിരം രൂപ നൽകിയാൽ യൂലിയോസ് തിരുമേനി പ്രസവിച്ചെന്ന് എഴുതാനും മടിയില്ല
● യാക്കോബായ പള്ളിയിലെ കാണിക്കപ്പെട്ടി എത്തിക്കുന്നത് പാർട്ടി ജില്ലാ കമ്മിറ്റിയിലേക്ക്
● സംസ്ഥാന സർക്കാരിനു മലങ്കരസഭയുടെ കാര്യത്തിൽ നിസംഗത

കുന്നംകുളം: സഭാ തർക്കത്തിനു പിന്നിൽ വിശ്വാസമോ നിലപാടുകളോ അല്ലെന്നും സ്വത്തു തർക്കവും സ്ഥാനമോഹവും മാത്രമാണെന്നും മലങ്കര ഓർത്തഡോക്സ് സഭ അഹമ്മദാബാദ് ഭദ്രാസനാധിപൻ ഗീവർഗീസ് മാർ യൂലിയോസ്.

മലങ്കര സഭ ട്രസ്റ്റാണെന്നിരിക്കെ സ്വത്തുക്കൾ പങ്കുവയ്ക്കാനാകില്ല. മന്ത്രിതല ഉപസമിതി ഉണ്ടാക്കിയതു കോടതിവിധി നീട്ടിക്കിട്ടുന്നതിനാണ്. നിയമപരമായി പരിരക്ഷ ലഭിക്കാത്ത ഒരു ഒത്തുത്തീർപ്പിനും ഓർത്തഡോക്സ് സഭ നിന്നുകൊടുക്കില്ല. വിധി നടപ്പിലാക്കാതെ സർക്കാർ യാക്കോബായ വിഭാഗത്തെ സഹായിക്കുന്ന നിലപാടുമാത്രമാണ് സ്വീകരിക്കുന്നതെന്നും മീറ്റ് ദ പ്രസ് പരിപാടിയിൽ അദ്ദേഹം പറഞ്ഞു.

കന്യകാ പരിശോധനാ സർട്ടിഫിക്കറ്റ് വൈദികൻ ആവശ്യപ്പെട്ടെന്ന പ്രചാരണം അടിസ്ഥാനരഹിതമാണ്. ഇതു മാധ്യമസൃഷ്ടിയാണ്. തന്നെ മുമ്പ് എം.പിയാക്കിയ ചില മാധ്യമങ്ങൾ വസ്തുതാവിരുദ്ധമായ വാർത്ത പ്രചരിപ്പിക്കുകയാണ്. ആയിരം രൂപ നൽകിയാൽ യൂലിയോസ് തിരുമേനി പ്രസവിച്ചെന്ന് എഴുതാനും മടിയില്ലാത്ത ചില മാധ്യമങ്ങളാണ് അവയെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

■ ഗീവർഗീസ് മാർ യൂലിയോസ്.

ശബരിമലയിൽ ആചാരവും വിശ്വാസവും നോക്കാതെ കോടതിവിധി നടപ്പാക്കാൻ ഇറങ്ങിപ്പുറപ്പെട്ട സംസ്ഥാന സർക്കാർ മലങ്കരസഭയുടെ കാര്യത്തിൽ നിസംഗത പുലർത്തുകയാണ്. ആചാരങ്ങളെ മാനിക്കാതെയും വിശ്വാസികളുടെ എതിർപ്പു വകവയ്ക്കാതെയും ഇറക്കുമതിയായ ഭക്തയെ ശബരിമലയിലെത്തിച്ചു കോടതിവിധി നടപ്പിലാക്കിയ സർക്കാർതന്നെയാണ് ഇതേ കോടതിയുടെ മറ്റൊരു വിധി നടപ്പിലാക്കാൻ നിസംഗത പുലർത്തുന്നത്. കേരളത്തിലെ ഭരണകൂടം യാക്കോബായ വിഭാഗത്തിനൊപ്പം നിലയുറപ്പിച്ചിരിക്കുകയാണ്. യാക്കോബായ പള്ളികളിലെ കാണിക്കപ്പെട്ടികൾ ഇതേ പാർട്ടിയുടെ ജില്ലാ കമ്മിറ്റിയിലേക്കാണ് എത്തിക്കുന്നത്. എറണാകുളത്തെ വൈദികർക്കെതിരേ കള്ളക്കേസെടുത്തതു പാർട്ടി ജില്ലാ നേതാക്കൾ പറഞ്ഞിട്ടാണെന്നാണ് പോലീസ് വെളിപ്പെടുത്തുന്നത്. ഇത്തരം പ്രശ്നങ്ങളെ കായികമായോ രാഷ്ട്രീയമായോ അല്ല നേരിടേണ്ടത്. നിയമപരമായിതന്നെ നേരിടുമെന്നും അദ്ദേഹം പറഞ്ഞു.

പോലീസ് വർഗീയശക്തികൾക്ക് വിവരം ചോർത്തിയെന്നത് കുറ്റസമ്മതം: പ്രതിപക്ഷനേതാവ്

● മുഖ്യമന്ത്രി രാജിവയ്ക്കണം

തിരുവനന്തപുരം: തന്റെ കഴിവുകേടുകൾ തുറന്നുപറഞ്ഞ പിണറായി വിജയന് മുഖ്യമന്ത്രി സ്ഥാനത്ത് തുടരാനുള്ള യോഗ്യത നഷ്ടപ്പെട്ടുവെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല. മുഖ്യമന്ത്രി ഉടൻ രാജി വയ്ക്കണമെന്നും അദേഹം പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

ശബരിമലയിൽ പോലീസുകാർ വർഗീയ ശക്തികൾക്ക് വിവരം ചോർത്തിക്കൊടുത്തു എന്ന മുഖ്യമന്ത്രിയുടെ വെളിപ്പെടുത്തൽ അദേഹത്തിന്റെ തന്നെ കഴിവുകേടിനെയാണ് കാണിക്കുന്നത്. അത് അദേഹം തുറന്ന് സമ്മതിച്ചിരിക്കുകയാണ്.

ആഭ്യന്തര വകുപ്പ് ഭരിക്കുന്നതിലുള്ള പരാജയമാണ് അദേഹം ഏറ്റുപറഞ്ഞിരിക്കുന്നത്. പരാജയപ്പെട്ട മുഖ്യമന്ത്രി സ്ഥാനം രാജി വയ്ക്കുന്നതാണ് ഉചിതം. ജനങ്ങൾക്ക് പിണറായിലുള്ള വിശ്വാസം നഷ്ടപ്പെട്ടു.

നേരത്തെ തന്നെ പോലീസന്റെ നിയന്ത്രണം മുഖ്യമന്ത്രിക്ക് നഷ്ടപ്പെട്ടിരുന്നു. ഇത്രയേറെ അതിക്രമങ്ങളും കസ്റ്റഡി കൊലപാതകങ്ങളും പോലീസ് നടത്തിയ മറ്റൊരു കാലമില്ല. പോലീസിനെ രാഷ്ട്രീയവൽക്കരിക്കുകയും പാർട്ടി നേതാക്കളുടെ ഏറാന്മൂളികളായി പോലീസിനെ മാറ്റുകയും ചെയ്തതിന്റെ ഫലമാണ് പോലീസിൽ അച്ചടക്കം നഷ്ടപ്പെട്ടത്. അതിന്റെ ഫലമായിട്ടാണ് പോലീസ് തോന്നിയതു പോലെ വിവരങ്ങൾ പുറത്തേക്ക് ചോർത്തി കൊടുക്കുന്നതെന്നും രമേശ് പറഞ്ഞു..